## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1696 12.06.2019 ൽ മറുപടിക്ക്

### എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം

**ചോദ്യം**
**ശ്രീ.അനിൽ അക്കര**

**മറുപടി**
**ഡോ.കെ.ടി.ജലീൽ**
**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും വെളിപ്പെടുത്തുമോ; | (എ) | യു.ജി.സി. റഗുലേഷൻ 2010 ലെ നിർദ്ദേശങ്ങൾക്കും സർവ്വകലാശാല ചട്ടങ്ങൾക്കും വിധേയമായിട്ടാണ് പ്രിൻസിപ്പൽ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നത്. സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സീനിയോറിട്ടി, ഫിറ്റ്നസ്, അതാത് സർവ്വകലാശാലകൾ നിശ്ചയിക്കുന്ന വിദ്യാഭ്യാസ യോഗ്യത പ്രവർത്തി പരിചയം എന്നിവ പരിഗണിക്കുന്നു. |
| (ബി) | എയ്ഡഡ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം ലഭിച്ചവർ നിർബന്ധമായും തങ്ങളുടെ വിഷയം പഠിപ്പിക്കണമെന്നും അത് കുറഞ്ഞത് എത്ര മണിക്കൂർ വേണമെന്നും നിബന്ധനയുണ്ടോയെന്ന് വിശദീകരിക്കുമോ; | (ബി) | 09.05.2018 ലെ സ.ഉ.(എം.എസ്) 93/2018/ഉ.വി.വ. പ്രകാരം പ്രിൻസിപ്പൽമാർ ആഴ്ചയിൽ 5 മണിക്കൂർ അവരവരുടെ വിഷയം പഠിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ സ്ഥാനക്കയറ്റം മുഖേന പ്രിൻസിപ്പാൾ തസ്തികയിൽ എത്തുന്നവർ, 1.11.2013 ലെ സ.ഉ.(എം.എസ്)677/13/ഉ.വി.വ. പ്രകാരം തങ്ങളുടെ വിഷയം ടി കോളേജിൽ ഇല്ലാത്ത പക്ഷം, റിസർച്ച് സ്കോളേഴ്സിനെ ഗൈഡ് ചെയ്യേണ്ടതുണ്ട്. |
| (സി) | കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനും മേൽപ്പറഞ്ഞ നിയമങ്ങൾ ബാധകമാണോ; | (സി) | ബാധകമാണ് |
| (ഡി) | കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ശ്രീ വിവേകാനന്ദ കോളേജ്, ശ്രീ കേരള വർമ്മ കോളേജ് എന്നീ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനങ്ങളിൽ ആരുടെയെങ്കിലും നിയമനാംഗീകാരം മേൽപ്പറഞ്ഞ | (ഡി) | ഡോ.വി.എസ്.ഈശ്വരി ശ്രീ വിവേകാനന്ദ കോളേജിൽ പ്രിൻസിപ്പൽ നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയിൽ, പ്രസ്തുത കോളേജിൽ അവർക്ക് ആഴ്ചയിൽ അഞ്ച് മണിക്കൂർ വർക്ക് ലോഡ് ഉണ്ടോ എന്ന കാര്യത്തിൽ മാനേജ്മെന്റ് മറുപടി |

| | | | |
|---|---|---|---|
| | നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ കാലിക്കറ്റ് സർവ്വകലാശാല നൽകാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ | | സമർപ്പിക്കാത്തതിനാൽ പ്രിൻസിപ്പൽ നിയമനാംഗീകാരനടപടികൾ പൂർത്തീകരിച്ചിട്ടില്ല. |
| (ഇ) | പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട യു.ജി.സി/യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള കോളേജുകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമാണ്. |

സെക്ഷൻ ഓഫീസർ